# കാലത്തെ കാപ്പിക്കോപ്പ

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

“ഞാൻ കവിത എഴുതില്ല.”
*പക്ഷേ, നീയൊരു കാവ്യമാണ്.*
“ഞാൻ പടുപാട്ടുപോലും പാടില്ല.”
*എങ്കിലും നീയൊരു ഗാനമാണ്.*

പുലർയാമക്കോഴിക്കൊപ്പം
ബഹുഭാഷാ വചനത്തിരയിരപ്പിൽ
വാചാലത ഉരുക്കിക്കുറുക്കി
നിന്നെ അടയാളപ്പെടുത്തുന്നു:
സ്വരമാധുരിയുടെ ഇന്ത്യൻ ശ്രുതിലയത്തിൽ
സുഗന്ധമൂറുന്ന പേർഷ്യൻ ഈണത്തിൽ
മിശ്രപാനം പകർന്നൂട്ടി താളത്തിൽ
തലയാട്ടുന്ന പടിഞ്ഞാറൻ താരസ്ഥായിയിൽ.

പ്രഭാതങ്ങൾ
പ്രദോഷ മ്ലാനതയുടെ
വിലാപങ്ങൾക്കുള്ളതല്ല!
*******************************************************************